LIBRARY ARCHIVES Kerala Legislative Assembly

സാഫല്യം ഭവന പദ്ധതി

259 (599) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയുടെ നിർമ്മാണ പുരോഗതി എയ്യ ഘട്ടത്തിലാണെന്നും പസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ചുവോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സാഫല്യം ഭവന നിർമ്മാണ പദ്ധതിയിൽ 48 കുടുംബങ്ങൾക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനുള്ള കെട്ടിടനിർമ്മാണത്തിന്റെ റൂഫ് സ്ലാബ് വാർക്കുകയും ഒന്നാം നിലയുടെ ചുമരുകളുടെ പണി പൂർത്തിയാക്കുകയും ചെയ്തു. രണ്ടാംനിലയുടെ ചുമരിന്റെ പണിയും വാട്ടർ ടാങ്കിന്റെ പണിയും നടന്നുവരുന്നു. ഈ പദ്ധതിയുടെ നിർമ്മാണം 31-12-2014-നുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പൂർത്തികരിച്ചിട്ടില്ല. പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഭൂ-ഭവനര ഹിതരും ദുർബലവിഭാഗക്കാരുമായ വ്യക്തികളുടെ ലിസ്റ്റിൽ നിന്നും ഇതുവരെ 40 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 8 ഗുണഭോക്താക്കളുടെ ലിസ്റ്റുകൂടി സമീപ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സമീപ പഞ്ചായത്തുകളിലെ അപേക്ഷകർക്ക് മുൻഗണന നൽകിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

ഭവന വായ്പ

260(600) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒരു ലക്ഷത്തിന് താഴെ വരുമാനമുള്ളവർക്ക് 4% പലിശയിൽ ഭവന വായ്പ നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയാണ് നൽകുന്നത് ; ഏത് മാർഗ്ഗത്തിലൂടെയാണ് തുക കണ്ടെത്തുന്നത് ; എത്ര പേർക്ക് ഈയിനത്തിൽ തുക അനുവദിച്ചിട്ടുണ്ട് ?

ഉത്തരം

പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ നാല് ശതമാനം പലിശയ്ക്ക് വായ്പ നൽകുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന "സൗഭാഗ്യ ഭവന പദ്ധതി' സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ദുർബ്ബല വരുമാന വിഭാഗക്കാർക്ക് 4% പലിശയ്ക്ക് ഭവന വായ്പ അനുവദിക്കുന്ന പദ്ധതിയാണ് പരിശോധനയിലുള്ളത്. ഇതിൻ പ്രകാരം ദുർബ്ബല വരുമാന വിഭാഗക്കാർക്ക് ഹഡ്കോയിൽ നിന്ന് വായ്പയെടുത്ത് ഹഡ്കോയുടെ നിബന്ധനകൾക്ക് വിധേയമായി 2.5 ലക്ഷംരൂപ വീതം വായ്പ അനുവദിക്കാനാണ് വിഭാവനം ചെയ്യുന്നത്.

ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളാൻ സ്വീകരിച്ച നടപടികൾ

261(601) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡു വഴി വായ്പയെടുത്ത എത്രപേരുടെ എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതു വർഷം വരെയുള്ള വായ്പകളാണ് സർക്കാർ എഴുതി തള്ളിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) ഭവന നിർമ്മാണ ബോർഡു വഴി വായ്പയെടുത്ത ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളാൻ സർക്കാർ തയ്യാറാവുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 38384 മൈത്രി ഗുണഭോക്താക്കളുടെ 28,000-രൂപയുടെ വായ്പയും, രോഗികളും അശരണരുമായവരുടെ വ്യക്തിഗത വായ്പാ ഇനത്തിൽ 38 പേരുടെ 3 ലക്ഷം രൂപവരെയുള്ള വായ്പാ കുടിശ്ശിക തുകയും എഴുതിത്തള്ളുകയുണ്ടായി.

(ബി) മൈത്രി വിഭാഗത്തിൽ 2006 വരെയുള്ള വായ്പയും, രോഗികളും അശരണരുമായ വ്യക്തിഗത വായ്പാ ഇനത്തിൽ 2000 വർഷം വരെയുള്ളതുമായ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly